# കില
## വാർത്താപത്രിക

VOLUME - 7
ISSUE - 1
JANUARY 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




കേരളത്തിലെ കുട്ടികളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് കില സംഘടിപ്പിച്ച ദ്വിദിന സംസ്ഥാനതല കൂട്ടായ്മ പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുമന്ത്രി **ഡോ.എം.കെ മുനീർ** ഉദ്ഘാടനം ചെയ്യുന്നു

## ശൈശവവിവാഹം സാമൂഹ്യവിപത്ത്: മന്ത്രി ഡോ.എം.കെ.മുനീർ

**ശൈശ**വവിവാഹം ഏറ്റവും വലിയ സാമൂഹ്യവിപത്താണെന്നും എന്തുവില കൊടുത്തും അതില്ലാതാക്കാൻ ശ്രമിക്കുമെന്നും പഞ്ചായത്ത്-സാമൂഹ്യനീതിവകുപ്പു മന്ത്രി ഡോ.എം.കെ.മുനീർ വ്യക്തമാക്കി. കേരളത്തിലെ കുട്ടികളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് തിരുവനന്തപുരത്ത് കില സംഘടിപ്പിച്ച സംസ്ഥാനതല കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസവും ബോധവൽക്കരണവും ഇതിനു അത്യാവശ്യമാണ്. ശിശുസംരക്ഷണനിയമം കൂടുതൽ കർക്കശമാക്കും. കുട്ടികൾക്ക് അനുയോജ്യമായ ലോകം എന്നതാണ് തന്റെ സങ്കൽപ്പം. ശിശുസൗഹൃദപഞ്ചായത്തുകളിലൂടെ കുട്ടികൾക്കുവേണ്ടി കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയും. കുട്ടികളുടെ കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം അത്യാവശ്യമാണ്. അതിനായി പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പു എന്തുചെയ്യാനും തയ്യാറാണ്.കുട്ടികളെ പഠിപ്പിക്കുന്ന രീതിയിലും മാറ്റം വേണം. കുട്ടികളുടെ കാര്യത്തിൽ മാത്രമല്ല മറ്റ് പല നല്ല കാര്യങ്ങൾക്കും യുണിസെഫ് സഹായം നൽകുന്നുണ്ടെന്നും അതു തുടരണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ.അഖില അദ്ധ്യക്ഷയായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ സി.ആർ.സി കൺസൽട്ടന്റ് കെ.എൽ.സുധാമണി എന്നിവർ സംസാരിച്ചു. ശിശുവികസനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഒരേ കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ യൂണിസെഫിന്റെ സഹകരണത്തോടെയാണ് കൂട്ടായ്മ സംഘടിപ്പിച്ചത്.

മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരും വിവിധ സന്നദ്ധസംഘടനാപ്രതിനിധികളുമുൾപ്പെടെ 60 പേർ കൂട്ടായ്മയിൽ സംബന്ധിച്ചു. സംസ്ഥാന ആസൂത്രണബോർഡ് പ്ലാൻ കോർഡിനേഷൻ ഡിവിഷനിലെ ഡോ.എം.സുരേഷ് കുമാർ, സംസ്ഥാന സെൻസസ് ഡയറക്ടർ രാജീവ്, പട്ടികജാതി ജോ.ഡയറക്ടർ കെ.വേണു, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ.ജയപ്രകാശ്, ഡോ.അമർ ഫെറ്റിൽ, ഡോ.പ്രഭുദാസ്, ഡോ.കെ.ആർ.ആന്റണി, മുംതാസ് ഖാലിദ് ഇസ്മയിൽ, വി.കെ. മോഹൻകുമാർ മീന കുരുവിള തുടങ്ങിയവർ ആദ്യദിവസം വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

സമാപനച്ചടങ്ങിൽ സാമൂഹ്യനീതിവകുപ്പു ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്, കില ഡയറക്ടർ എന്നിവർ സംസാരിച്ചു.

# പദ്ധതിയിനത്തിൽ നഗരസഭകൾ പ്രതീക്ഷിച്ച തുക ചെലവഴിച്ചില്ല: മന്ത്രി മഞ്ഞളാംകുഴി അലി

**തൃ**ശ്ശൂർ മുതൽ കാസർകോട് വരെയുള്ള നഗരസഭകളിലും കോർപ്പറേഷനുകളിലും പദ്ധതിയിനത്തിൽ പ്രതീക്ഷിച്ച തുക ചെലവഴിച്ചിട്ടില്ലെന്നും ഇതിൽ 25 ശതമാനം മാത്രം ചെലവഴിച്ച നഗരസഭകളുണ്ടെന്നും നഗരകാര്യ-ന്യൂനപക്ഷ വകുപ്പുമന്ത്രി മഞ്ഞളാംകുഴി അലി അറിയിച്ചു.കിലയിൽ സംഘടിപ്പിച്ച നഗരസഭകളിലെ പദ്ധതി അവലോകന ചർച്ചയിൽ അദ്ധ്യക്ഷതവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. മലപ്പുറം നഗരസഭ 39 ശതമാനം ചെലവിട്ടപ്പോൾ ഗുരുവായൂർ, കൽപ്പറ്റ, കുന്നംകുളം, കൊടുങ്ങല്ലൂർ നഗരസഭകൾ പദ്ധതിയിനത്തിൽ ചെലവിട്ടത് പത്തുശതമാനത്തിൽ താഴെയാണ്. ഗുരുവായൂർ നഗരസഭ 4.4 ശതമാനവും കൊടുങ്ങല്ലൂർ 5.4 ശതമാനവും ചെലവിട്ടു. എന്തു സിസ്റ്റം മാറിയാലും കാര്യങ്ങൾ ഇങ്ങനെയേ പോകൂവെന്നത് ഖേദകരമാണ്. വസ്തുനികുതി പിരിക്കുന്ന കാര്യത്തിലും കാര്യമായ പുരോഗതിയില്ല. തൃശ്ശൂർ കോർപ്പറേഷൻ 65 ശതമാനം പിരിച്ചപ്പോൾ കോഴിക്കോട് 45 ശതമാനം പിരിച്ചു.നഗരസഭകളിൽ കൂടുതൽ പിരിച്ചത് ഇരിഞ്ഞാലക്കുടയും (55%) കുറവ് കൽപ്പറ്റയു (25%)മാണ്.

നഗരസഭകളുടെ തനതുഫണ്ടുയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഇതിനു അന്തിമരൂപം നൽകാൻ പ്രത്യേക യോഗം ചേരുന്നുണ്ട്. സംസ്ഥാനം നേരിടുന്ന മാലിന്യഭീഷണിക്കു ശാശ്വത പരിഹാരം കാണാനുള്ള ശ്രമങ്ങളും സജീവമായി തുടരുകയാണെന്നും മന്ത്രി പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ, നഗരകാര്യഡയറ്ക്ടർ ഇ.ദേവദാസൻ ഐ.എ.എസ്, ജോ.ഡയറക്ടർ പി.എ. പയസ്, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ള കില അസോ.പ്രോഫ.ഡോ.സണ്ണി ജോർജ് തുടങ്ങിയവർ സംസാരിച്ചു. 29 നഗരസഭകളിലേയും രണ്ടു കോർപ്പറേഷനുകളിലേയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരാണ് അവലോകനയോഗത്തിൽ പങ്കെടുത്തത്.




ചിറ്റൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **കെ.അച്യുതൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# ജനങ്ങളെ ബോധവൽക്കരിക്കാൻ ജനപ്രതിനിധികൾ മുന്നിട്ടിറങ്ങണം: കെ.അച്യുതൻ എം.എൽ.എ

**പാ**വപ്പെട്ടവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ബോധവൽക്കരണം നടത്താൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മുന്നിട്ടിറങ്ങണമെന്ന് കെ.അച്യുതൻ എം.എൽ.എ പറഞ്ഞു. ചിറ്റൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അതതു കാലങ്ങളിൽ നിയമത്തിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് പാവപ്പെട്ടവന് ഒന്നും അറിയില്ല. വികസനം സ്വന്തം വാർഡിൽ മാത്രം എന്ന നയം തിരുത്തി പഞ്ചായത്തിന് പൊതുവെ ഗുണം ലഭിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കണം.വിദ്യാഭ്യാസമേഖലയ്ക്കാണ് താൻ മുൻഗണന നൽകുന്നത്. അതു കഴിഞ്ഞാൽ കുടിവെള്ളത്തിനും മാലിന്യനിർമാർജനത്തിനുമാണ് മുൻഗണന നൽകേണ്ടത്.

കോഴിമാലിന്യമുൾപ്പെടെയുള്ളവ റോഡിലേക്കു വലിച്ചെറിയുന്ന പ്രവണത ജനങ്ങളും ഉപേക്ഷിക്കണം.അന്ധമായ രാഷ്ട്രീയം ഉപേക്ഷിച്ച് പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടതെന്നും എം.എൽ.എ നിർദ്ദേശിച്ചു.

കില അസോസിയേറ്റ് പ്രൊഫ. ഡോ.സണ്ണിജോർജ് അദ്ധ്യക്ഷത വഹിച്ചു.അസി.ഡയറക്ടർ കെ.എം.സലിം, കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. ചിറ്റൂർ-തത്തമംഗലം നഗരസഭ വൈസ് ചെയർമാൻ ശങ്കരമേനോൻ, ജില്ലാ പഞ്ചായത്ത് മെമ്പർ റിഷ പ്രേംകുമാർ, കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വാസുദേവൻ, ചിറ്റൂർ ബ്ലോക്ക് പഞ്ചയത്ത് വൈസ് പ്രസിഡന്റ് ശാന്തിനി മണികുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മിനി മുരളി (നല്ലേപ്പിള്ളി), പി.എസ്. ശിവദാസൻ (പട്ടഞ്ചേരി),എ. മോഹൻദാസ് (വൈസ്.പ്രസി. വടകരപ്പതി), പി. ബാബു (പെരുവെമ്പ്),പ്രസീത(പൊൽപ്പുള്ളി), വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.ഉദ്ഘാടനത്തിനുശേഷം നടന്ന ഗ്രൂപ്പുചർച്ചകൾക്ക് കില എക്സ്റ്റഷൻ ഫാക്കൽറ്റി പ്രൊഫ.ടി.രാഘവൻ നേതൃത്വം നൽകി. തുടർന്ന് പൊതുചർച്ചയുമുണ്ടായി.



ധാക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലെ സംയോജിത ഗ്രാമവികസന സെന്റർ (സി.ഐ.ആർ.ഡി.എ.പി) ഡയറക്ടർ ജനറൽ ഡോ. സീസഫ് എഫൻഡിയും പരിശീലനവിഭാഗം ഡയറക്ടർ ഡോ. വാസന്തിരാജേന്ദ്രനും കില ഡയയറക്ടറുമായി ചർച്ച നടത്തുന്നു

# കിലയുടെ സഹകരണം തേടി ഏഷ്യ–പെസഫിക്ക് രാഷ്ട്രങ്ങൾ

**സം**സ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിശീലനകേന്ദ്രമായ കിലയുടെ പ്രവർത്തനമേഖല ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലേക്കു കുടി വ്യാപിക്കുന്നു.ബംഗ്ലാദേശിലെ  ധാക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലെ സംയോജിത ഗ്രാമവികസന സെന്റർ (സി.ഐ.ആർ.ഡി.എ.പി) മേധാവികളാണ് കിലയുടെ സഹകരണം തേടിയെത്തിയത്. കേന്ദ്രത്തിന്റ ഡയറക്ടർ ജനറൽ ഡോ. സീസഫ് എഫൻഡിയും പരിശീലനവിഭാഗം ഡയറക്ടർ ഡോ. വാസന്തിരാജേന്ദ്രനും കില ഡയയറക്ടറുമായി ചർച്ച നടത്തി. ഇതുസംബന്ധിച്ച് ധാരണാപത്രം ഒപ്പുവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ  വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചതിനുശേഷം തീരുമാനിക്കുമെന്ന് കില ഡയറക്ടർ ഡോ.പി.പി. ബാലൻ അറിയിച്ചു.

കിലയുടെ സഹകരണത്തോടെ ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലെ വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് സിർഡാപ് സഹകരണം തേടിയിട്ടുള്ളത്.അന്തർദേശീയ ശിൽപ്പശാലകൾ, ഗവേഷണം, ഫാക്കൽറ്റികളുടെ കൈമാറ്റം, പഠനസന്ദർശനം ഇവയ്ക്കെല്ലാം സൗകര്യമൊരുക്കും.അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതോടൊപ്പം ഈ മേഖലയിലെ ദാരിദ്ര്യനിർമാർജനവും സിർഡാപ്പിന്റെ ലക്ഷ്യമാണ്. ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ ഭക്ഷ്യ-കൃഷി സംഘടനയുമായി (എഫ്.എ.ഒ) ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സിർഡാപ് വികസ്വരരാജ്യങ്ങളിലെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സംയോജിത ഗ്രാമീണവികസനപദ്ധതികൾ തയ്യാറാക്കും.

ഇന്ത്യയുടെ അയൽ രാജ്യങ്ങളായ ബംഗ്ലാദേശ്, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക, എന്നിവയ്ക്കു പുറമെ ഇന്തോനേഷ്യ,ഇറാൻ, ലാവോസ്, മലേഷ്യ, മ്യാൻമർ, ഇറാൻ, ഫിജി, ഫിലിപൈൻസ്, തായ്‌ലാന്റ്, വിയറ്റ്നാം എന്നി രാഷ്ട്രങ്ങളും ഈ സംഘടനയിലെ അംഗങ്ങളാണ്.

# പഞ്ചായത്തുകളെ ശിശുസൗഹൃദമാക്കാൻ കിലയിൽ പരിശീലനം തുടങ്ങി

**പഞ്ചായത്തുകളെ** ശിശുസൗഹൃദമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ദ്വിദിന പരിശീലനപരിപാടിക്ക് കിലയിൽ തുടക്കമായി. കുട്ടികളുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിർണായക പങ്കുവഹിക്കാനുള്ളതുകൊണ്ട് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്കാണ് പരിശീലനം. ശിശു സൗഹൃദത്തിനു പ്രാരംഭം കുറിച്ച സംസ്ഥാനത്തെ ഏഴു ജില്ലകളിലെ ഏഴു ഗ്രാമപഞ്ചായത്തുകളുടെ ശിശുസൗഹൃദ ഇടപെടലുകളെക്കുറിച്ചും അനുഭവസമ്പത്തിനെക്കുറിച്ചും അറിയുന്നതിന് പരിശീലനം ഉപകരിക്കും. മാത്രമല്ല ഈ ആശയം കാര്യക്ഷമമായി എങ്ങനെ നടപ്പാക്കാമെന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും പരിശീലനപരിപാടിയുടെ ലക്ഷ്യങ്ങളിൽ പെടും.

ചൈൽഡ്‌ലൈൻ ഇന്ത്യാഫൗണ്ടേഷന്റെ ദക്ഷിണമേഖല റിസോഴ്സ് സെന്റർ മേധാവി അനുരാധ വിദ്യാസാഗറാണ് പരിശീലനപരിപാടി ഉദ്ഘാടനം ചേയ്തത്. കിലയിലെ ചൈൽഡ് റിസോഴ്സ് സെന്ററിലെ അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ്, ആമുഖപ്രഭാഷണം നടത്തി. ഫാ. ജോസ് കോനിക്കര, ഡോ.ജയാ ചെറിയാൻ, സി.ആർ.സി. കൺസൽട്ടന്റ് കെ.എൽ. സുധാമണി എന്നിവർ സംസാരിച്ചു.

കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു പ്രസിഡന്റുമാർ, വികസനം, ക്ഷേമകാര്യം, ധനകാര്യം, ആരോഗ്യം-വിദ്യാഭ്യസ സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാർ, വനിതാ-ശിശുവികസന വർക്കിംഗ്ഗ്രൂപ്പ് ചെയർപേഴ്സൺ, സാമൂഹ്യസുരക്ഷിതത്വകമ്മിറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സി.ഡി.എസ് ചെയർപേഴ്സൺ, പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രവർത്തക്കുന്ന ചൈൽഡ്‌ലൈൻ പ്രവർത്തകർ എന്നിവരുൾപ്പെടെ 70 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

ചൈൽഡ് ലൈൻ ഇന്ത്യാഫൗണ്ടേഷന്റ സഹകരണത്തോടെ കില ചൈൽഡ് റിസോഴ്സ് സെന്ററാണ് പരിശീലനം സംഘടിപ്പിച്ചത്. ശിശുക്ഷേമസമിതി ചെയർമാൻ (ഇടുക്കി) ഗോപാലകൃഷ്ണൻ, പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ സുബിർ, രാജഗിരി കോളേജിലെ എം.പി. ആന്റണി, വയനാട്ടിലെ ചൈൽഡ് ലൈൻ സെന്റർ കോർഡിനേറ്റർ ദിനേശ്കുമാർ, സാമൂഹ്യപ്രവർത്തക ഇനു സ്റ്റീഫൻ, ചൈൽഡ് ലൈൻ തൃശ്ശൂർ സിറ്റി കോർഡിനേറ്റർ സിമ്മി തുടങ്ങിയവർ വിവിവ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.




തിരുവല്ല നിയോജകമണ്ഡലത്തിലെ സമഗ്ര വികസന ശിൽപ്പശാല
കിലയിൽ **മാത്യു ടി. തോമസ് എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# വികസനക്കാഴ്ച്ചപ്പാടിൽ സമൂല മാറ്റം വേണം: മാത്യു ടി. തോമസ് എം.എൽ.എ

**വി**കസനക്കാഴ്ച്ചപ്പാടിൽ സമൂലമായ മാറ്റം ആവശ്യമാണെന്ന് മാത്യു ടി. തോമസ് എം.എൽ.എ അഭിപ്രായപ്പെട്ടു.ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ കാഴ്ചപ്പാടും സുതാര്യമാകണം. തിരുവല്ല നിയോജകമണ്ഡലത്തിലെ സമഗ്ര വികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആകമാനവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് വേണ്ടത്. വികസനത്തോടൊപ്പം ജനങ്ങളുടെ ക്രയശേഷിയും വർദ്ധിക്കും. നാട്ടിലെ വികസനത്തിനു ഉൽപ്പാദനം കാരണമാകുമെങ്കിൽ അറിയാതെ തന്നെ നമ്മുടെ ക്രയശേഷിയും വർദ്ധിക്കും. ക്ഷീരവികസനവും നെൽകൃഷിയും പരസ്പരപൂരകങ്ങളാണ്. ചാണകം നെൽകൃഷിക്കു വളമാകുമ്പോൾ വൈക്കോൽ കാലിത്തീറ്റയായി മാറുന്നു. യുവാക്കൾക്ക് തൊഴിൽ നൽകാൻ പര്യാപ്തമായ വിവരസാങ്കേതികവിദ്യയിലധിഷ്ഠിതമായ വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം. പശ്ചാത്തല വികസനത്തോടൊപ്പം ഉൽപ്പാദനവും ക്രയശേഷിയും വർദ്ധിക്കുന്ന തരത്തിലായിരിക്കണം വികസനം. ആത്യന്തികമായി ജനജീവിതം മെച്ചപ്പെടുത്തുന്നതിനുതകുന്ന സൂക്ഷ്മമായ പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു.കില അസി.ഡയറക്ടർ കെ.എം. സലിം സംസാരിച്ചു.ഉദ്ഘാടനത്തിനുശേഷം നടന്ന വിവിധ ഗ്രൂപ്പ് ചർച്ചകൾക്ക് കില എക്സ്റ്റഷൻ ഫാക്കൽറ്റികളായ പ്രൊഫ. ടി.രാഘവൻ, പി.വി.രാമകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. തുടർന്നുനടന്ന പൊതുചർച്ചയിലും എം.എൽ.എ സംസാരിച്ചു. തിരുവല്ല നഗരസഭ, ഗ്രാമപഞ്ചായത്തുകളായ കടപ്ര, നിരണം, പെരിങ്ങര, കുറ്റൂർ, പുറമറ്റം, മല്ലപ്പള്ളി, കവിയൂർ, കുന്നന്താനം, ആനിക്കാട്, ബ്ലോക്ക് പഞ്ചായത്തുകളായ മല്ലപ്പള്ളി, പുളിക്കീഴ്, കോയിപ്രം എന്നിവിടങ്ങളിൽനിന്നുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളിൽനിന്നുള്ള നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## ചതുർദിനപരിശീലനം

**ത**ദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പുതുതായി നിയമനം ലഭിച്ച അസി.എഞ്ചിനിയർമാർക്കുള്ള ചദുർദിന പരിശീലനം കിലയിൽ തുടങ്ങി. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ സി.ബി.കുഞ്ഞുമുഹമ്മദ് ആമുഖപ്രഭാഷണം നടത്തി.

കോർപ്പറേഷനുകൾ, നഗരസഭകൾ, ജില്ലാ-ബ്ലോക്ക് -ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽനിന്നുള്ള എഞ്ചിനിയർമാരും ഓവർസിയർമാരുമാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. മൂന്നു ബാച്ചുകളിലായി 160 പേർക്കാണ് പരിശീലനം നൽകുന്നത്.



തിരുവല്ല നിയോജകമണ്ഡലത്തിലെ സമഗ്ര വികസന ശിൽപ്പശാലയിൽ
പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും




ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **കെ.സുരേഷ്കുറുപ്പ്** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## ഏറ്റുമാനൂർ മണ്ഡലത്തിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം:കെ.സുരേഷ്കുറുപ്പ് എം.എൽ. എ

ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് കെ.സുരേഷ്കുറുപ്പ് എം.എൽ.എ ആവശ്യപ്പെട്ടു. ലോകപ്രശസ്ത ടൂറിസ്റ്റ് കേന്ദ്രവും മികച്ച മെഡിക്കൽ കോളേജും പ്രമുഖ ആരാധനാലയങ്ങളുമുള്ള മണ്ഡലത്തിന് അതിനനുസൃതമായ അടിസ്ഥാനസൗകര്യങ്ങളില്ലെന്ന് അദ്ദേഹം പറഞ്ഞു. ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തെ അടിസ്ഥാനസൗകര്യങ്ങൾ വളരെ പരിമിതമാണ്. ഏറ്റുമാനൂർ നഗരത്തിലെ ഗതാഗതകുരുക്കിനും അടിയന്തിര പരിഹാരം കാണണം. തിരുവിതാകൂറിലെ ഏറ്റവുമധികം ഗതാഗത കുരുക്കുള്ള പട്ടണമായി മാറിയിരിക്കുകയാണ്. ശബരിമല തീർത്ഥാടനകാലത്ത് മണിക്കൂറുകളോളം തീർത്ഥാടകർ ഗതാഗതകുരുക്കിൽ പെടുന്നു. മിക്ക പഞ്ചായത്തുകളും കാർഷിക മേഖലയാണ്. ഒരു പാടശേഖരവും തരിശിടില്ലെന്നു നാം പ്രഖ്യാപിക്കണം. നെൽകൃഷി ആദായകരമല്ലെന്ന അവസ്ഥയൊക്കെ മാറി. പലരും ആ രംഗത്തേക്കു വരുന്നുണ്ട്.വിദ്യാർത്ഥികളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ ജൈവപച്ച കൃഷി വ്യാപിപ്പിക്കണം. ഉൾനാടൻ മത്സ്യത്തൊഴിലാളികളുള്ള അഞ്ചു പഞ്ചായത്തുകളിലേയും റോഡുകളുടെ ദുരവസ്ഥയ്ക്കു പരിഹാരമുണ്ടാക്കണം. കുമരകത്തൊഴികെ മറ്റ് പഞ്ചായത്തുകളിലൊന്നും ഫലപ്രദമായ മാലിന്യനിർമ്മാർജനമില്ലെന്നു എല്ലാ പഞ്ചായത്തുകളും കുമരകത്തിന്റെ മാതൃക പിന്തുടരണമെന്നും എം.എൽ.എ പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു.കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർമാരായ കെ.എം. സലിം, പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തിനുശേഷം നടന്ന ഗ്രൂപ്പുചർച്ചകൾക്ക് പ്രൊഫ. ടി.രാഘവൻ നേതൃത്വം നൽകി. തുടർന്നു നടന്ന പൊതുചർച്ചയിലും എം.എൽ.എ സംസാരിച്ചു.

അയ്മനം, ആർപ്പൂക്കര, അതിരമ്പുഴ, ഏറ്റുമാനൂർ, കുമരകം, നീണ്ടൂർ, തിരുവാർപ്പ് ഗ്രാമപഞ്ചായത്തുകളിലേയും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിലേയും ജനപ്രതിനിധികളും വിവിവധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## പെർഫോർമൻസ് ഓഡിററ്: പരിശീലകരുടെ പരിശീലനം പൂർത്തിയായി

ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന് പരിശീലനം നൽകുന്നതിനുള്ള പരിശീലകരുടെ പരിശീലനം കിലയിൽ പൂർത്തിയായി. രണ്ടുബാച്ചുകളിലായി വിവധ ജില്ലകളിൽനിന്നുമുള്ള 42 പെർഫോർമൻസ് ഓഡിററ് സൂപ്രവൈസർമാർക്കാണ് ദ്വിദിനപരിശീലനം നൽകിയത്. കില ഡയറക്ടർ ഡോ. പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ അദ്ധ്യക്ഷനായിരുന്നു. കോർഡിനേറ്റർ വി.ജി. ശശിധരൻ, കാർഷികസർവകലാശാലയിലെ പ്രൊഫസർമാരായ ഡോ.അഹമ്മദ്, ഡോ.സക്കീർ ഹുസൈൻ എന്നിവർ സംസാരിച്ചു. കെ.എസ്.ബിജു, ആൽജോ സി.ചെറിയാൻ, പ്രതാപ്സിംഗ് തുടങ്ങിയവർ നേതൃത്വം നൽകി.

സർക്കാർ ഉത്തരവുകളെക്കുറിച്ചും മാർഗ്ഗരേഖകളെക്കുറിച്ചും ജില്ലാതലത്തിൽ ജനപ്രതിനിധികൾക്കും വകുപ്പുദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തെകൂടി സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം സംഘടിപ്പിച്ചത്.

## അസി.എഞ്ചിനിയർമാരുടെ രണ്ടാംഘട്ടപരിശീലനം പൂർത്തിയായി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പുതുതായി നിയമനം ലഭിച്ച അസി.എഞ്ചിനിയർമാർക്കുള്ള രണ്ടാംഘട്ട പരിശീലനം കിലയിൽ പൂർത്തിയായി. നവംബർ നാലു മുതൽ 30 വരെ തീയതികളിൽ പത്തു ബാച്ചുകളിലായി 420 പേരാണ് പരിശീലനം നേടിയത്. രണ്ടുദിവസം നീണ്ടുനിൽക്കുന്നതായിരുന്നു പരിശീലനം. കെട്ടിടങ്ങൾ, റോഡുകൾ തുടങ്ങിയവയുടെ അളവെടുപ്പ്, അവ രേഖപ്പെടുത്തൽ, ഓഡിറ്റിംഗ് എന്നീ വിഷയങ്ങളിലായിരുന്നു രണ്ടാംഘട്ട പരിശീലനം. പരിശീലനം കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കില അസി.ഡയറക്ടർ കെ.എം.സലിം അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ സി.ബി.കുഞ്ഞുമുഹമ്മദ് സംസാരിച്ചു.പ്രൊഫ.കെ.വി.ലക്ഷ്ണൻ നായർ, കെ.സി.സുബ്രഹ്മണ്യൻ, എ.സി.ശേഖർ, കെ.വി.അനിൽകുമാർ എന്നിവർ ക്ലാസ്സെടുത്തു.

# ചോദിക്കൂ പറയാം

? പഞ്ചായത്ത് മെമ്പർക്ക് സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലിക ജോലി സ്വീകരിക്കാമോ?

● ജോലി സ്വീകരിച്ചാൽ മെമ്പർസ്ഥാനം നഷ്ടപ്പെടും.

? സമ്പൂർണ്ണ പെൻഷൻ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മറ്റ് പെൻഷൻ ലഭിക്കുന്നവർക്ക് വാർദ്ധക്യകാല/ വിധവാപെൻഷനുകൾക്ക് അർഹതയുണ്ടോ?

● ഒരാൾക്ക് ഏതെങ്കിലും ഒരു പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.സാമൂഹ്യസുരക്ഷിതത്വ പെൻഷന്റെ മാനദണ്ഡം അപ്രകാരമാണ്.

? കോഴിവിതരണപ്രോജക്ടിൽ കോഴികളെ വാങ്ങുന്നതിന് വാറ്റ് നിർബന്ധമാക്കിയിരിക്കുന്നു.എന്തു ചെയ്യും. അധിക തുക ഗുണഭോക്താവിൽനിന്ന് വാങ്ങാമോ?

● പ്രോജക്ട് ഭേദഗതിചെയ്ത വാറ്റ്കൂടി ഉൾപ്പെടുത്തി വില നിശ്ചയിക്കുക. അപ്രകാരം ചെയ്തശേഷം മാർഗരേഖയിൽ പറഞ്ഞപ്രകാരമുള്ള തുക ലിമിറ്റ് ചെയ്ത് കോഴികളെ വിതരണം ചെയ്യാം. സബ്സിഡിയിൽ കൂടുതലായി വരുന്ന തുക ഗുണഭോക്തൃവിഹിതമാക്കാവുന്നതാണ്.

? വ്യവസായയൂണിറ്റ് തുടങ്ങുന്നതിന് മരം സ്റ്റോക്ക് ചെയ്യാൻ വനംവകുപ്പിന്റെ എൻ.ഒ.സി ആവശ്യമാണെന്നു പറയുന്നു. ശരിയാണോ?

● വനംവകുപ്പിന്റെ എൻ.ഒ.സി നിർബന്ധമില്ല. വനംവകുപ്പിൽനിന്ന് ലൈസൻസാണ് എടുക്കേണ്ടത്.

? കാരാർപ്രകാരം ചെയ്ത പൊതുമരാമത്തുപണികളുടെ തുകനൽകുന്നതിന് ഗുണഭോക്തൃസമിതി നടത്തുന്ന പണികളുടേതുപോലെ മോണിറ്ററിംഗ് റിപ്പോർട്ട് ആവശ്യമുണ്ടോ? ആരാണ് മോണിറ്ററിംഗ് നടത്തേണ്ടത്?

● നിർമ്മാണപ്രവർത്തികൾ എങ്ങനെ നടത്തിയാലും മോണിറ്ററിംഗ് റിപ്പോർട്ട് ആവശ്യമാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയാണ് മോണിറ്ററിംഗ് നടത്തേണ്ടത്.

? വിശദമായ എസ്റ്റിമേറ്റിനോടൊപ്പം ഏതെല്ലാം രേഖകളാണ് പൊതുമരാമത്ത് പണികൾക്ക് വേണ്ടത്?

● പൊതുമരാമത്തുപണിക്ക് ആവശ്യമായ എല്ലാരേഖകളും ഉൾപ്പെടുത്തണം. വിശദമായ എസ്റ്റിമേറ്റ്, സൈറ്റ്പ്ലാൻ, ലൊക്കേഷൻ മാപ്പ്, വിശദമായ പ്ലാൻ, ക്രോസ് സെക്ഷൻ, എലിവേഷൻ, ഡാറ്റാ, കൺവെയൻസ് സ്റ്റേറ്റ്മെന്റ്, ട്രയൽപിറ്റ് ഡീറ്റെയിൽസ്, ആവശ്യമുള്ള സാധനങ്ങളുടെ കണക്കുകൾ,തൊഴിലാളികളുടെ കണക്കുകൾ, പ്രവർത്തന കലണ്ടർ എന്നിവ (ഇവയെല്ലാം പ്രാദേശിക ഭാഷയിലായിരിക്കണം)

? ഒരു വാർഡിൽ മൂന്ന് പൊതുമരാമത്ത് പണികൾ നടത്തണം.മൂന്നു പ്രവർത്തികൾക്കുംകൂടി വാർഡിൽ ഒരു ഗുണഭോക്തൃസമിതി ഉണ്ടായാൽ പോരെ?

● പോരാ. ഓരോ പ്രവർത്തിക്കും പ്രത്യേകം പ്രത്യേകം ഗുണഭോക്തൃസമിതികൾ ആവശ്യമാണ്.

? വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകാമോ?

● പാടില്ല. പൊതുവായി എല്ലാവരും ഉപയോഗിക്കുന്ന വീട്, കിണർ. തൊഴുത്ത്, തുടങ്ങിയവയൊന്നും ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ പാടില്ല.എന്നാൽ വനിത കുടുംബനാഥയും പ്രായപൂർത്തിയായ പുരുഷൻ ഇല്ലാത്തതുമായ വീടുകളാണെങ്കിൽ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.(മാർഗരേഖ 2012-1017)

? ആരെയാണ് നിത്യരോഗികളായി കണക്കാക്കുന്നത്?

● ശാരീരികമായി അദ്ധ്വാനിച്ച് കുടുംബം പുലർത്താൻ കഴിയാത്തവിധം രോഗം ബാധിച്ചിട്ടുണ്ടെന്ന് ഡോക്ടർ സാക്ഷ്യപത്രം നൽകുന്നവരെ നിത്യരോഗികൾ എന്ന ഗണത്തിൽ പെടുത്താവുന്നതാണ്.

? ഗ്രാമസഭ കോർഡിനേറ്റർമാരായി ആരെയൊക്കെ നിയമിക്കാം? ആരാണ് നിശ്ചയിക്കേണ്ടത്?

● പഞ്ചായത്ത് ഓഫീസിലേയോ പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേയോ ജീവനക്കാരെയാണ് കോർഡിനേറ്റർമാരായി നിയമിക്കേണ്ടത്. പഞ്ചായത്താണ് കോർഡിനേറ്ററെ നിശ്ചയിക്കേണ്ടത്.(സർക്കുലർ നമ്പർ-37806/എൽ3/എൽ.എ.ഡി/തീയതി 10.9.1998)

? വാർദ്ധക്യകാല/വിധവാപെൻഷനുകളുടെ വരുമാന പരിധി ഉയർത്തിയിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ വരുമാനം കണക്കാക്കേണ്ടത് ആരാണ്?

● അന്വേഷണ ഉദ്യോഗസ്ഥനാണ് ആ കുടുംബത്തിന്റെ മൊത്തം വരുമാനം തിട്ടപ്പെടുത്തേണ്ടത്. വരുമാനം തിട്ടപ്പെടുത്തുന്ന കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്.

? പഞ്ചയാത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ഓഫീസ് ഉപകരണങ്ങളും ഫർണിച്ചറുകളും ആരാണ് വാങ്ങേണ്ടത്?

● പഞ്ചായത്തിന്റെ സദ്ഭരണം സംബന്ധിച്ച പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയായിരിക്കും.ഘടകസ്ഥാപനത്തിലേക്ക് ആവശ്യമുള്ള സാമഗ്രികളുടെ ലിസ്ററ് ശേഖരിച്ച് അത് ഒന്നിച്ച് പ്രോജക്ടാക്കി വാങ്ങി വിതരണം ചെയ്യേണ്ടത് നിർവഹണ ഉദ്യോഗ്സഥനായ സെക്രട്ടറിയുടെ ചുമതലയാണ്.

? യുവജനക്ഷേമത്തിനായി പഞ്ചവത്സരപദ്ധതിയിൽ പ്രത്യേക വല്ല നിബന്ധനകളും ഉൾപ്പെടുത്തിയിട്ടുണ്ടോ?

● ഉണ്ട്.2014-15 വർഷത്തെ പദ്ധതി മുതൽ പട്ടികജാതി-പട്ടികവർഗ വികസനഫണ്ടിന്റെ പത്ത് ശതമാനം തുക യുവജനക്ഷേമത്തിനായി നീക്കിവയ്ക്കണമെന്ന് നിബന്ധനയുണ്ട്.(മാർഗ്ഗരേഖ 362/13 ത സ്വ ഭ വ തീയതി 16.11.2013 പാര 9-3 -5)

? പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പദ്ധതിയും പ്രോജക്ടുകളും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഭരണസമിതിയോഗത്തിൽ അവതരിപ്പിക്കണമെന്നു പറയുന്നു. എന്നാൽ യോഗത്തിൽ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഹാജരായില്ലെങ്കിൽ എന്തുചെയ്യും?

● വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഹാജരായില്ലെങ്കിൽ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ നിർദ്ദേശിക്കുന്ന മറ്റൊരു അംഗം പദ്ധതി അവതരിപ്പിക്കേണ്ടതാണ്.(മാർഗ്ഗരേഖ ജി.ഒ.362/13 ത സ്വ ഭ വ തീയതി 16.11.2013 പാരഗ്രാഫ് 11.15.(1)

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097




ചടയമംഗലം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **മുല്ലക്കര രത്നാകരൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## ഗ്രാമ–ബ്ലോക്ക്–ജില്ലാപദ്ധതികൾക്ക് ഏകോപനം വേണം : മുല്ലക്കര രത്നാകരൻ എം.എൽ.എ

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് ഏകോപനം വേണമെന്ന് മുല്ലക്കര രത്നാകരൻ എം.എൽ.എ നിർദ്ദേശിച്ചു.ചടയമംഗലം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പദ്ധതികളെല്ലാം സമയബദ്ധിതമായി പൂർത്തിയാക്കുകയും വേണം. കാർഷിക പദ്ധതികൾക്കുള്ള പണം കാലവർഷത്തിനുമുമ്പും വിദ്യാഭ്യാസ പദ്ധതിയുടേത് ജൂണിലും ലഭ്യമാക്കണം. 2030 ൽ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്നതായിരിക്കണം നമ്മുടെ വിദ്യാഭ്യാസ നയം. ഇന്നത്തെ രീതിയിൽ തന്നെ കാതലായ മാറ്റം വേണം. സാംസ്കാരിക നിലവാരം താഴോട്ടാണ് പോകുന്നത്. പ്രായമുള്ളവരും യുവതലമുറയും തമ്മിൽ സാംസ്കാരിക വിനിമയമില്ല. വികസന-സാംസ്കാരിക- കായിക രംഗങ്ങളിൽ മാറ്റമുണ്ടായാൽ നല്ല നാളെ പടുത്തുയർത്താം. വിഭവങ്ങൾ കൂടുതൽ ഉപയോഗിച്ചാൽ മാലിന്യത്തിന്റെ അളവു കുറയ്ക്കാൻ കഴിയും.പാടശേഖരസമിതികൾ ഗ്രൂപ്പായി പശുക്കളെ വളർത്തിയാൽ പാലുൽപ്പാദനരംഗത്തെ ക്ഷാമം പരിഹരിക്കാൻ കഴിയും. ശബരിമല തീർത്ഥാടനകാലത്ത് കൂടുതൽ പഴവർഗ്ഗങ്ങളുൽപ്പാദിപ്പിക്കാൻ സംവിധാനമുണ്ടാകണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു.കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. ഡോ.സണ്ണി ജോർജ്, കില അസി.ഡയറക്ടർ കെ. എം.സലിം എന്നിവർ സംസാരിച്ചു.

ജില്ലാപഞ്ചായത്ത് മെമ്പർ അഡ്വ.ആർ. ഗോപാലകൃഷ്ണപിള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ആനി ജോയ് (അലയമൺ),ബി.എൽ.രമാഭായ് അമ്മ(ചടയമംഗലം), എസ്. മുരളീധരൻ നായർ (ചിതറ), വി.ജേക്കബ്ബ് (ഇളമാട്), എസ്.അരുണാദേവി(ഇട്ടിവ), പി.ലത (കടയ്ക്കൽ),ഷെമീന പറമ്പിൽ( നിലമേൽ) സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാർ , വിവിധ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## പഞ്ചായത്തുകളുടെ സേവനനിലവാരം ഉയർത്താൻ കേന്ദ്രതലത്തിൽ നടപടി തുടങ്ങി

ഗ്രാമപഞ്ചായത്തുകളുടെ സേവനനിലവാരം ഉയർത്തുന്നതിനും ഏറ്റവും ചുരുങ്ങിയ സേവനനിലവാരം എന്തായിരിക്കണമെന്ന് തീരുമാനിക്കുന്നതിനും കേന്ദ്രതലത്തിൽ നടപടി തുടങ്ങി. പഞ്ചായത്ത്രാജ് നിയമം നിലവിൽ വന്നിട്ട് ഇരുപതുവർഷം കഴിഞ്ഞുവെങ്കിലും പഞ്ചായത്തുകൾ പല സംസ്ഥാനങ്ങളിലും പല തട്ടിലാണ്. അതൊഴിവാക്കി സേവനനിലവാരത്തിനു ബഞ്ച്മാർക്ക് രേഖപ്പെടുത്താനാണ് കേന്ദ്രനീക്കം. ഇതിന്റെ ഭാഗമായി കേരളം, തമിഴ്നാട്, ബംഗാൾ, ഛത്തീസ്ഗഡ്, രാജസ്ഥാൻ, പഞ്ചാബ്, ഹിമാചൽപ്രദേശ്,ബീഹാർ, സിക്കിം, മണിപ്പൂർ, ജാർഖണ്ട്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ രണ്ടുവർഷം നീണ്ടുനിൽക്കുന്ന പഠനമാണ് തുടങ്ങിയിട്ടുള്ളത്.ചണ്ഡിഗഡിലെ കേന്ദ്ര ഗ്രാമീണ-വ്യവസായ ഗവേഷണ ഇൻസ്ററിറ്റ്യൂട്ടിനെയാണ് പഠനം നടത്തുന്നതിന് ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

ജർമ്മനിയിലെ ഹാൻസ് സീഡർ ഫൗണ്ടേഷന്റെ സാമ്പത്തികസഹായത്തോടെയാണ് പഠനം. ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.സുഖ്വീന്ദർസിംഗ്, ഡോ.ഹക്കിഖത്ത്സിംഗ് എന്നിവരുടെ നേതൃത്വത്തിലാണ് പഠനം. കേരളം ഉൾപ്പെടെ അഞ്ചു സംസ്ഥാനങ്ങളിൽ ഇതിനകം പഠനം പൂർത്തിയായി. ഓരോ സംസ്ഥാനത്തും തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ഗ്രാമപഞ്ചായത്തുകൾ, രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾ ഒരു ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ പഠനസംഘം സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കും. തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളായ പാറളം, തൃക്കൂർ, നാട്ടിക, ബ്ലോക്ക് പഞ്ചായത്തുകളായ ചേർപ്പ്, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിലാണ് സംഘം സന്ദർശിച്ചത്. ഓരോ പഞ്ചായത്തിലും ഓരോ ദിവസമാണ് സംഘം ചെലവിട്ടത്. ഓരോ കേന്ദ്രത്തിലും ജനപ്രതിനിധികൾ, നിർവഹണഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ,കുടുംബശ്രീപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരടങ്ങുന്ന സംഘമാണ് പഠനം നടത്തിയത്. പഠനം പൂർത്തിയാക്കിയ മറ്റുസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പശ്ചാത്തല-സേവന-ഉൽപ്പാദന മേഖലകളിൽ കേരളത്തിന്റെ നേട്ടം മികച്ചതാണെന്ന് സംഘാംഗങ്ങൾ അഭിപ്രായപ്പെട്ടു.കേരളത്തിൽ പഠനത്തിനെത്തിയ സംഘത്തെ സഹായിക്കുന്നതിന് കില എക്സറ്റഷൻ ഫാക്കൽററികളായ പി.വി.രാമകൃഷ്ണൻ, പ്രൊഫ.ടി.രാഘവൻ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്.




ബേപ്പൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ **എളമരം കരീം** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# മാലിന്യനിർമ്മാർജനത്തിന് പഞ്ചായത്തുകൾ മുൻഗണന നൽകണം: എളമരം കരീം എം.എൽ.എ

ഗ്രാമപഞ്ചായത്തുകൾ മാലിന്യനിർമ്മാർജനത്തിനാണ് മുൻഗണന നൽകേണ്ടതെന്ന് എളമരംകരീം എം.എൽ.എ അഭിപ്രായപ്പെട്ടു.ബേപ്പൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് വൻ പദ്ധതി വേണ്ടിവരും. മാലിന്യം ഉദ്ഭവസ്ഥലത്തുവച്ചുതന്നെ സംസ്കരിക്കുന്നതിനുള്ള ബോധവൽക്കരണവും അത്യാവശ്യമാണ്. പൂർണമായ ജനപങ്കാളിത്തത്തോടെ ബേപ്പൂർ മണ്ഡലത്തെ മാലിന്യമുക്തമാക്കാൻ കഴിയും. മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജപ്പാൻ കുടിവെള്ളപദ്ധതിപോലെയുള്ള വൻകിട പദ്ധതികൾ വേണ്ടിവരും. വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സാമൂഹ്യസുരക്ഷാപദ്ധതിക്കും മഴവെള്ള സംഭരണത്തിനും തണ്ണീർതടങ്ങളുടെ സംരക്ഷണത്തിനും നടപടി വേണം. അതിവേഗത്തിലുള്ള നഗരവൽക്കരണത്തിന്റെ ഭാഗമായി പല തണ്ണീർതടങ്ങളും ഇല്ലാതാവുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ആമുഖപ്രഭാഷണം നടത്തി. അസി.ഡയറക്ടർ കെ.എം.സലിം, കില എക്സ്റ്റൻഷൻ ഫാക്കൽറ്റികളായ പി.വി.രാമകൃഷ്ണൻ, പ്രൊഫ. ടി.രാഘവൻ എന്നിവർ സംസാരിച്ചു.കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റീന മുണ്ടങ്ങാട്ട് മണ്ഡലത്തിന്റെ പരിധിയിൽപെട്ട എട്ട് കോർപ്പറേഷൻ കൗൺസിലർമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സരസു കൊടമന, ഒ.ഭക്തവത്സലൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സരസു വളക്കാട് (ഫറോക്ക്), ടി.കെ.ശൈലജ (കടലുണ്ടി), പി.എം.പുഷ്പ (വൈസ്പ്രസിഡന്റ് രാമനാട്ടുകര) വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, നിർവഹണ ഉദ്യോഗസ്ഥർഎന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. കൃഷി, ക്ഷീരവികസനം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ തുടങ്ങി ആറുഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി.

## ഇ–ടെൻഡറിംഗ് : പരിശീലകരുടെ പരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഏർപ്പെടുത്തിയ ഇ-ടെൻഡറിംഗ് സംവിധാനത്തെക്കുറിച്ച് പരിശീലനം നൽകുന്നതിനുള്ള പരിശീലകരുടെ പരിശീലനം കിലയിൽ തുടങ്ങി. വിവിധ ജില്ലകളിൽനിന്ന് തദ്ദേശസ്വയംഭരണവകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയർമാരാണ് ദ്വിദിന പരിശീലനത്തിൽ പങ്കെടുക്കുന്നത്. കേരളാസ്റ്റേറ്റ് ഐ.ടി മിഷനിലെ പ്രശാന്തും അൻവർ അസീസുമാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്.കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് കോർഡിനേറ്റർമാരായ സി.ബി.കുഞ്ഞുമുഹമ്മദ്, വി.ജി. ശശിധരൻ എന്നിവർ സംസാരിച്ചു.



ബേപ്പൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulankunnathukavu (P.O) Thrissur-680581
(for private circulation only)